# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3601** 15.03.2018-ൽ മറുപടിക്ക്

ഭൂഗർഭ കേബിൾ സ്ഥാപിച്ച് പ്രശ്നപരിഹാരം

| | ചോദ്യം<br><br>ശ്രീമതി യു. പ്രതിഭ ഹരി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കായംകുളം അസംബ്ലിമണ്ഡലത്തിൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വടക്കൻ കോയിക്കൽ ക്ഷേത്രത്തിലെ ഉത്സവം, പ്രസിദ്ധമായ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഉത്സവം എന്നിവയോടനുബന്ധിച്ച് കെട്ടുകാഴ്ചകൾ കടന്നു വരുമ്പോൾ വൈദ്യുതി ലൈനുകൾ അഴിച്ചുമാറ്റുന്നതു മൂലം ഉത്സവദിനങ്ങളിൽ പ്രസ്തുത പ്രദേശം മുഴുവൻ ഇരുട്ടിലാകുന്നതിനാൽ ഈ പ്രദേശങ്ങളിൽ ഭൂഗർഭ കേബിൾ സ്ഥാപിച്ച് പ്രശ്നത്തിനു പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (എ) | വടക്കൻ കോയിക്കൽ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ചും ഓച്ചിറ ക്ഷേത്രത്തിലെ കെട്ടുകാഴ്ചയുമായി ബന്ധപ്പെട്ടും HT/LT ലൈനുകൾ അഴിച്ച് മാറ്റേണ്ടി വരികയും തന്മൂലം പ്രസ്തുത പ്രദേശങ്ങളിൽ വൈദ്യുത വിതരണം തടസ്സപ്പെടുകയും ചെയ്യാറുണ്ട്.<br>ഓച്ചിറ ക്ഷേത്രത്തിൽ കെട്ടുകാഴ്ചയുമായി ബന്ധപ്പെട്ട് വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി ഓച്ചിറ പ്രദേശത്ത് DDUGJY Scheme-ൽ ഉൾപ്പെടുത്തി 11.5 km 11 kv ABC work ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഓച്ചിറ ക്ഷേത്രത്തിന്റെ പരിധിയിൽ വരുന്ന ബാക്കി പ്രദേശങ്ങളിലും വടക്കൻ കോയിക്കൽ ക്ഷേത്രത്തിന്റെ പരിധിയിൽ വരുന്ന ബാക്കി പ്രദേശങ്ങളിലും 11 kv UG cable, LT ABC cable എന്നിവ സ്ഥാപിച്ച് വൈദ്യുത തടസ്സം ഒഴിവാക്കാവുന്നതാണ്. അതിനാവശ്യമായ തുക Deposit Work വ്യവസ്ഥയിൽ ഒടുക്കിയാൽ മാത്രമേ ഈ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |

Lemalille

സെക്ഷൻ ഓഫീസർ